
മൗദൂദിയും ജനാധിപത്യവും തമ്മിൽ-3

●

വി.എം ഇബ്റാഹീം



# ഇന്ത്യ കത്തിയ നാളുകളിൽ മൗദൂദി എന്തെടുക്കുകയായിരുന്നു?

**സ്വന്തം** നാടുകളിൽ നിന്നും പലപ്പോഴും സ്വന്തം കുടുംബങ്ങളിൽനിന്നും വേർപെട്ട്, മുസ്‌ലിം ആണെന്നതു കൊണ്ടുമാത്രം തങ്ങളുടെ കൂറ് ആവശ്യപ്പെടുന്ന ഒരു രാജ്യത്തിന്റെ സൈന്യത്തിൽ സേവനമനുഷ്ഠിക്കാൻ പോകണമോ, അതോ ജീവിതത്തെ ശ്വാസം മുട്ടിച്ചേക്കാവുന്ന മുസ്‌ലിംവിരുദ്ധവികാരങ്ങളെ നേരിട്ട് പല പല ബന്ധങ്ങളുമുള്ള ഈ രാജ്യത്ത് തുടരണമോ?

രാജ്യം പോലെ വർഗീയാടിസ്ഥാനത്തിൽതന്നെ വിഭജിക്കപ്പെടുന്ന സൈന്യത്തിലിരുന്ന് അവിഭക്ത ഭാരതത്തിന്റെ വീരസൈനികരിലൊരാളായിരുന്ന ലഫ്. കേണൽ ഇനായത്ത് ഹബീബുല്ലയും വൈസ്രോയിയുടെ ബോഡിഗാഡിലെ യുവ മുസ്‌ലിം ഓഫീസറായ മേജർ യഅ്ഖൂബ് ഖാനും അവരുടെ കുടുംബവും അനുഭവിച്ച ധർമസങ്കടത്തിന്റെ ആഴം *സ്വാതന്ത്ര്യം അർധരാത്രിയിൽ* എന്ന പുസ്തകത്തിൽ ലാറി കോളിൻസും ഡൊമിനിക് ലാപിയറും കുറിച്ചുവെച്ചിട്ടുണ്ട്. 'നിങ്ങൾ ജീവിതം പൂർത്തിയാക്കി. എന്റെ ജീവിതം ഇനിയും നീണ്ടുകിടക്കുന്നു. വിഭജനത്തിനുശേഷം ഇന്ത്യയിൽ മുസ്‌ലിംകൾക്കു ഭാവിയുണ്ടെന്നു ഞാൻ കരുതുന്നില്ല' എന്നു പറഞ്ഞ മകനോട് കവിത തുളുമ്പു

ന്ന ഉർദുവിൽ ആ വൃദ്ധമാതാവ് പറഞ്ഞു: 'നാം കാറ്റിന്റെ ചിറകുകളിലേറി ഇന്ത്യയുടെ സമതലങ്ങളിൽ ഇറങ്ങിയവരാണ്. ദൽഹിയുടെ നാശം നാം കണ്ടു. കലാപത്തിലും നാം ജീവിച്ചു. നിന്റെ പിതാമഹന്മാർ ഈ നാടിനുവേണ്ടി ബ്രിട്ടീഷുകാരോട് യുദ്ധം ചെയ്തു. നിന്റെ പ്രപിതാമഹൻ കലാപത്തിൽ കൊല്ലപ്പെട്ടു. നാം യുദ്ധം ചെയ്തു. വീണ്ടും വീണ്ടും യുദ്ധം ചെയ്തു. നാം ഇവിടെ ഒരു ഭവനം കണ്ടെത്തി. നമ്മുടെ ശ്മശാനങ്ങളും ഇവിടെയാണ്'[1]. സൈന്യത്തിൽ ഉയർന്ന പദവിയിലിരുന്നവരുടെ ആധി ഇതായിരുന്നെങ്കിൽ അന്നത്തെ സാധാരണ മുസ്‌ലിംകളുടെ മനോനില ഊഹിക്കാവുന്നതേയുള്ളൂ.

ഈ ആശങ്കകളിലേക്ക് തീകോരിയിട്ട് വർഗീയകലാപങ്ങൾ ഒന്നിനുപിറകെ ഒന്നായി ആളിക്കത്തി. വിഭജനത്തിൽ വീതം നേടിയ നേതാക്കളും അണികളും ചേരിതിരിഞ്ഞ് അതിൽ പങ്കാളികളായി. 1946 മാർച്ചിൽ ഉത്തരേന്ത്യ വർഗീയാഗ്നിയിൽ അമർന്നു. മുസ്‌ലിംലീഗിന്റെ കൊടിനാട്ടിയ ഒരു കാല് പാകിസ്താൻ മുർദാബാദ് എന്ന മുദ്രാവാക്യവുമായി ഒരു സിഖ്നേതാവ് വലിച്ചു താഴെയിട്ടതിനെ തുടർന്നായിരുന്നു കലാപം പൊട്ടിപ്പുറപ്പെട്ടത്. അതിനു മുമ്പുതന്നെ ജനുവരി മുതൽ പഞ്ചാബിലെ മുസ്‌ലിം ഭൂരിപക്ഷപ്രദേശങ്ങളിൽ മുസ്‌ലിംലീഗുകാർ രഹസ്യറാലി നടത്തിവന്നു. ഇന്ത്യയിൽ മറ്റെവിടെയോ ഹിന്ദുക്കളുടെ അക്രമത്തിനിരയായ മുസ്‌ലിംകളുടേതെന്ന പേരിൽ ചിത്രങ്ങളും തലയോടുകളും അസ്ഥികളും പ്രദർശിപ്പിച്ച് അവർ വർഗീയ വിദ്വേഷത്തിന്റെ അഗ്നിജ്വാലകൾ ആളിക്കത്തിച്ചു. ചിലപ്പോൾ പരിക്കുപറ്റിയ ഒരാളെ വ്രണങ്ങൾ പ്രദർശിപ്പിക്കാനായി റാലികൾ തോറും കൊണ്ടുനടന്നു[2]. ഏപ്രിലിൽ യു.പിയും കത്തിത്തുടങ്ങി. ആഗസ്റ്റ് ആയപ്പോഴേക്കും വടക്കേ ഇന്ത്യ മുഴുക്കെ കലാപം കാട്ടുതീയായി പടർന്നു പിടിക്കുകയാണ്. ഇരുവിഭാഗവും അവരുടെ സ്വാധീനമേഖലകളിൽ ന്യൂനപക്ഷങ്ങളുടെ ഉന്മൂലനത്തിന് ആവുന്നതു ചെയ്തു. മാധ്യമങ്ങൾ നിർലോഭം എണ്ണയൊഴിച്ചു[3].

ഈ സന്ദർഭത്തിൽ ഇസ്‌ലാമിക രാഷ്ട്രീയ, സാമൂഹികക്രമത്തിനുവേണ്ടി ശബ്ദമുയർത്തിക്കൊണ്ടിരുന്ന സയ്യിദ് മൗദൂദിയും ജമാഅത്തെ ഇസ്‌ലാമിയും എന്തു ചെയ്തു? 1946 സെപ്റ്റംബറിൽ മൗദൂദിയുടെ അധ്യക്ഷതയിൽ ചേർന്ന ജമാഅത്ത് കൂടിയാലോചനാസമിതി കലാപവേളയിൽ സംഘടനയും പ്രവർത്തകരും സ്വീകരിക്കേണ്ട നിലപാടുകൾ സംബന്ധിച്ച അഞ്ചിന നിർദേശം നൽകി. കലാപവേളയിൽ പ്രവർത്തകരുടെ സുരക്ഷക്കുള്ള ഏറ്റവും മികച്ച ഉപാധി ഉന്നത സ്വഭാവമാതൃകയാണെന്ന് വ്യക്തമാക്കിയ പ്രഥമനിർദേശം സാമുദായിക, വംശീയ, വർഗീയചിന്തകൾക്കതീതമായി മനുഷ്യനന്മയുടെയും ക്ഷേമത്തിന്റെയും പ്രയോഗമാതൃക തീർക്കാൻ പ്രവർത്തകരെ ആഹ്വാനം ചെയ്തു. അതിക്രമത്തിനിരയാകുന്ന സന്ദർഭത്തിൽ അക്രമികളെ ആവുന്നത്ര ഗുണദോഷിക്കാനും ഫലപ്രദമല്ലെങ്കിൽ സ്വയം പ്രതിരോധത്തിനു തയാറാകാനുമായിരുന്നു രണ്ടാം നിർദേശം. മൂന്നാമതായി ഹിന്ദുവോ മുസ്‌ലിമോ എന്നു നോക്കാതെ അക്രമിയുടെ കൈക്കു പിടിക്കാനും മർദിതന് സുരക്ഷ തീർക്കാനും സ്വന്തം ജീവൻ തൃണവത്ഗണിച്ചും ശ്രമിക്കണമെന്ന് നിർദേശിച്ചു. അഭയം തേടിയെത്തുന്നവർ ആരെന്നു നോക്കാതെ അവരുടെ സംരക്ഷണത്തിന് ജീവൻ പണയപ്പെടുത്താനും പ്രവർത്തകർ തയാറാവുക, കലാപബാധിത പ്രദേശങ്ങളിൽ സാധ്യമെങ്കിൽ സംഘർഷത്തിന്റെ കെടുതികൾ സംബന്ധിച്ച് ദൈവികനിർദേശങ്ങൾ മുന്നിൽ വെച്ച് ജനങ്ങളെ ബോധവത്കരിക്കാൻ ശ്രമിക്കുക എന്നിവയായിരുന്നു മറ്റു നിർദേശങ്ങൾ. മുസ്‌ലിംകളെ ഇസ്‌ലാമിന്റെ നേർവാക്കുകൾ ഓർമിപ്പിക്കാനും ഹിന്ദു

ക്കളെ ദേശീയതയുടെ ആപത്ത് ബോധ്യപ്പെടുത്താനും ഈ സന്ദർഭം ഉപയോഗപ്പെടുത്താൻ ജമാഅത്ത് നിർദേശിച്ചു[4].

ഇത് ശിരസാവഹിച്ച ജമാഅത്ത് പ്രവർത്തകർ പഞ്ചാബിലെ കലാപപ്രദേശങ്ങളിൽ ഒറ്റക്കും കൂട്ടായും കലാപം പിടിച്ചുനിർത്തുന്നതിനും വ്യാപിക്കാതിരിക്കുന്നതിനുമുള്ള പ്രതിരോധപ്രവർത്തനങ്ങളിൽ ധീരമായ ഇടപെടലുകൾ നടത്തി. അതിന്റെ വികാരനിർഭരമായ ഉദാഹരണങ്ങൾ അമൃത്സർ, റാവൽപിണ്ടി, ഝലം, കമ്പൽപൂർ, റൂഡി എന്നീ പ്രദേശങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. കലാപത്തിന് ആയുധം മൂർച്ചകൂട്ടുന്നവരെ പിന്തിരിപ്പിച്ചും ദുരന്തത്തിന്റെ തൊട്ടുടനെ ആശുപത്രികളിലും ബന്ധുവീടുകളിലും ഓടിയെത്തിയും സ്വന്തം വീടുകളിൽ ഇതര സമുദായക്കാർക്ക് അഭയമൊരുക്കിയും അവർ ഇസ്‌ലാമിന്റെ മഹിത മാതൃക മുസ്‌ലിംകളിലൂടെ തന്നെ കാണിച്ചുകൊടുത്തു. രാജസ്ഥാനിലെ ടോങ്കിൽ 1947 ഏപ്രിൽ 17,18 തീയതികളിൽ ചേർന്ന മേഖലാസമ്മേളനത്തിൽ ഇതിന്റെ വിശദമായ റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു[5].

നേരത്തേ തന്റെ പത്രമായ 'തർജുമാനുൽ ഖുർആനിലും' മേൽസൂചിപ്പിച്ച കൂടിയാലോചനാസമിതി യോഗത്തിലും വ്യക്തമാക്കിയ ഈ നിലപാടുകൾ കലാപത്തീയാറും മുമ്പേ മദ്രാസ് പ്രഭാഷണത്തിലും ആവർത്തിച്ചുറപ്പിക്കുകയായിരുന്നു മൗദൂദി. ■

***ഗ്രന്ഥസൂചി:***


1. ലാറികോളിൻസ്, ഡൊമിനിക് ലാപിയർ. *സ്വാതന്ത്ര്യം അർധരാത്രിയിൽ*-മലയാള പരിഭാഷ. ഡി.സി ബുക്സ് (1998). പേജ്: 199-200.
2. അതേ കൃതി. പേജ്: 211.
3. അഹ്മദ് അബൂസഈദ്. *ബീസ്‌വേം സദീ കാ ഖാഇദേ അഅ്‌ലാ: മൗലാനാ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി. ഇദാറയെ ശാൻ*, ഹൈദരാബാദ്. പേജ്:ര 35
4. *റൂദാദെ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്.* ഭാഗം 5. മർകസി മക്തബ ഇസ്‌ലാമി, ദൽഹി (1985). പേജ്: 67-68.
5. അതേ കൃതി. പേജ്: 66

പ്രഭാഷണം

സയ്യിദ് അബുൽഅഅ്ലാ മൗദൂദി

# ഇന്ത്യൻമുസ്‌ലിംകൾക്ക് വഴികൾ മൂന്ന്

**ആസന്നഭാവിയിൽ** ഇന്ത്യൻ മുസ്‌ലിംകളുടെ മുന്നിലുള്ള വഴികൾ മൂന്നാണ്.

ഒന്നുകിൽ, തങ്ങളുടെ വേറിട്ട ദേശീയതാവാദവും തദടിസ്ഥാനത്തിലുള്ള പ്രത്യേക അവകാശങ്ങൾക്കുവേണ്ടിയുള്ള മുറവിളിയും അവസാനിപ്പിച്ച് സ്‌റ്റേറ്റിന്റെ ദേശീയതയിൽ അലിഞ്ഞുചേരുക.

അതിന് അവർ തയാറല്ലെങ്കിൽ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് ശൂദ്രരുടെയും അധഃകൃതരുടെയും ഗതി പ്രാപിക്കേണ്ടിവരും.

അതുമല്ലെങ്കിൽ, പുതിയ ദേശരാഷ്ട്രത്തിന്റെ നാലതിരുകൾക്കുള്ളിൽ പേരും കുറിയും അവശേഷിക്കാത്തവിധം അവർ ഉന്മൂലനം ചെയ്യപ്പെടും.

പാശ്ചാത്യമാതൃകയിലുള്ള ജനാധിപത്യത്തിൽ ദേശീയതയെ അടിസ്ഥാനപ്പെടുത്തി കെട്ടിപ്പൊക്കുന്ന രാഷ്ട്രീയവ്യവസ്ഥയുടെ സ്വാഭാവികപരിണതിയാണ് ഇത്. ഈ പോളിസി തെരഞ്ഞെടുക്കുകയും അതിന്റെ ഫലപ്രാപ്തി ബഹുദൂരം അകലെയായിരിക്കുകയും ചെയ്ത അന്നേ ഈ പരിണതി ദീർഘദൃക്കുകൾ നോക്കിക്കണ്ടതാണ്. എന്നാൽ അന്ന് തിരിഞ്ഞുനോക്കാൻ വിസമ്മതിക്കുകയും അതിനു പ്രേരിപ്പിച്ചവരെ ശത്രുക്കളായി കാണുകയുമായിരുന്നു എല്ലാവരും. ഇപ്പോൾ ഇതാ ആ അന്തിമഫലം അരികത്തെത്തിക്കഴിഞ്ഞു. ഇനി അതു കണ്ടല്ല, അനുഭവിച്ചേ മതിയാകൂ.

മുസ്‌ലിംകൾക്ക് രാഷ്ട്രീയ ദിശാബോധം നൽകാൻ ഇന്ന് മുന്നിൽ നിൽക്കുന്ന ഒരു കൂട്ടർ 'ദേശീയ'മുസ്‌ലിംകളാണ്. പഴയ ബ്രിട്ടീഷ്കാലത്തെ ഖാൻ ബഹാദുർമാരുടെ റോളിലായിരിക്കും വരും നാളുകളിൽ അവർ. മുസ്‌ലിംകളോട് മേൽപറഞ്ഞതിലെ ആദ്യരീതി സർവാത്മനാ ഉൾക്കൊള്ളാൻ അവർ ആഹ്വാനം ചെയ്യും. അഥവാ, സാമുദായിക സ്വത്വവാദവും അവകാശത്തിനുവേണ്ടിയുള്ള മുറവിളിയും ഉപേക്ഷിച്ച് രാഷ്ട്രത്തിന്റെ ദേശീയധാരയിൽ ലയിക്കാനായിരിക്കും അവരുടെ നിർദേശം. ഇക്കൂട്ടരുടെ ആഹ്വാനത്തിന് ഇതുവരെ കാര്യമായ പ്രതികരണമൊന്നുമുണ്ടായിട്ടില്ല എങ്കിലും മേലിൽ അത് ഗണ്യമായ സ്വാധീനം കൈവ

രിക്കുമെന്നാണ് ഞാൻ കരുതുന്നത്. കാരണം ഇവരായിരിക്കും ഭാവിയിൽ സർക്കാറിന്റെ സ്വന്തക്കാർ. സർക്കാർ ജോലിക്കും അനുമതികൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഗ്രാന്റിനുമൊക്കെ ഇവരുടെ സഹായം വേണ്ടിവരും. ഭരണക്കാരുടെയും ഭരണീയരുടെയും ഇടയിലുള്ള മധ്യവർത്തികളായിരിക്കും ഇക്കൂട്ടർ. ഇവരുടെ ശ്രമഫലമായി മുസ്‌ലിംകളിൽ നിന്ന് വലിയൊരു വിഭാഗത്തെ വലയിൽ വീഴ്ത്താൻ കഴിയും. അങ്ങനെ അവർ സ്വയം ശ്രീമാന്മാരും അവരുടെ ഭാര്യമാരും പെൺമക്കളും ശ്രീമതിമാരുമായി മാറും. വേഷം, ഭാഷ, സാമൂഹികജീവിതം, ചിന്താഗതി എന്നിവയിലെല്ലാം ഒരു വ്യത്യാസവുമില്ലാത്തവിധം അധികാരിവർഗവുമായി അവർ ഇഴുകിച്ചേർന്നിരിക്കും. പാശ്ചാത്യസംസ്കാരവുമായി ഇഴുകിച്ചേർന്ന് മിസ്റ്ററും മിസ്സിസുമാകാൻ വലിയൊരു വിഭാഗത്തെ ലഭിച്ച ഈ സമുദായത്തിൽ ഇപ്പോൾ ഇങ്ങനെയൊരു വേഷപ്പകർച്ചക്കുമാത്രം ആളെ ലഭിക്കാതിരിക്കേണ്ട കാര്യമെന്ത്?; അന്നവും ഐശ്വര്യവും ക്ഷേമവുമെല്ലാം ഇനിമേൽ ഇക്കൂട്ടരെ ആശ്രയിച്ചിരിക്കും എന്നിരിക്കെ വിശേഷിച്ചും! എന്നാൽ ഒരു സമുദായമെന്ന നിലയിൽ മുസ്‌ലിംകൾ ഇങ്ങനെ ബലിയാടാൻ നിന്നുകൊടുക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഈ ലയനത്തിനെതിരെ അവർ ചെറുത്തുനിൽക്കുക തന്നെ ചെയ്യും.

ചെറുത്തുനിൽപിനുവേണ്ടി അവർ ആദ്യമായി അവലംബിക്കുക അവരുടെ രാഷ്ട്രീയനേതൃത്വത്തെയായിരിക്കും. എന്നാൽ അവരുടെ രാഷ്ട്രീയലൈനിൽ നീങ്ങിയാൽ നേരെ ചെന്നെത്തുന്നത് നാശത്തിലേക്കാണെന്ന് അനുഭവം വളരെവേഗം അവരെ പഠിപ്പിക്കും. ഭൂരിപക്ഷത്തിന്റെ ദേശീയ ജനാധിപത്യരാഷ്ട്രത്തിലിരുന്ന് ന്യൂനപക്ഷം സാമുദായികപോരാട്ടത്തിന് ഒരുങ്ങുകയാണെങ്കിൽ നാലുപാടു നിന്നും അവർ വരിഞ്ഞൊതുക്കപ്പെടും. ജീവിതത്തിന്റെ നാനാതുറകളിൽ നിന്നും അവർ പുറന്തള്ളപ്പെടും. എല്ലാ അവകാശങ്ങളും അവർക്ക് നിഷേധിക്കപ്പെടും. അധഃകൃതരേക്കാൾ മോശമായ പാതാളത്തിലായിരിക്കും അവർ. പിന്നെയും അവർ ശബ്ദമുയർത്താൻ മിനക്കെട്ടാൽ ആകാശവും ഭൂമിയും കണ്ണീർ തൂകാനില്ലാത്ത വിധം അവർ തുടച്ചുനീക്കപ്പെടും.

ഈ പരിണതിയിൽ നിന്നു രക്ഷപ്പെടാൻ മൂന്നു മാർഗങ്ങളാണ് മുസ്‌ലിംന്യൂനപക്ഷത്തിനു മുന്നിൽ സമർപ്പിക്കപ്പെടുന്നത്.

ഒന്ന്, പാകിസ്താൻ ഇന്ത്യയുമായി ഒരു ധാരണയിലെത്തുക- ഇന്ത്യയിലെ മുസ്‌ലിംന്യൂനപക്ഷത്തോട് അനുവർത്തിക്കുന്ന അതേ നിലപാടായിരിക്കും പാകിസ്താൻ ഹിന്ദു ന്യൂനപക്ഷത്തോട് സ്വീകരിക്കുക എന്ന്. അതുപോലെ പാകിസ്താനിലെ ഹിന്ദുക്കൾക്ക് ലഭിക്കുന്ന ഭരണഘടനാസുരക്ഷ ഇന്ത്യയിലെ മുസ്‌ലിംകൾക്കും ലഭ്യമാക്കുക. ആദ്യമാദ്യം ഈ ധാരണ തൃപ്തികരമായി തോന്നാം. എന്നാൽ ഏറെ ചെല്ലുംമുമ്പ് ഇത് പരാജയമടയുമെന്ന് എനിക്ക് ഉറപ്പുണ്ട്, അനുഭവം അത് തെളിയിക്കുകയും ചെയ്യും. ഇന്ത്യയും പാകിസ്താനും പാശ്ചാത്യ രാഷ്ട്രീയവ്യവസ്ഥയുടെ പിന്നാലെ പോകുന്നത് നാം കാണുന്നുണ്ട്. ഈ രാഷ്ട്രീയവ്യവസ്ഥക്ക് പടിഞ്ഞാറ് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടായോ, അതൊക്കെ ഇവിടെയും തലപൊക്കുമെന്നുറപ്പ്. മുസ്‌ലിംദേശീയതാവാദവും പ്രത്യേകാവകാശങ്ങൾക്കു വേണ്ടിയുള്ള മുറവിളികളും മുസ്‌ലിം ദേശീയരാജ്യം പൊറുപ്പിച്ചെന്നിരിക്കും, എന്നാൽ ഹിന്ദുദേശീയരാജ്യം അത് വകവെച്ചു തരില്ല. വിശേഷിച്ചും ഈ രണ്ട് ന്യൂനപക്ഷങ്ങളും സ്വന്തം സമുദായത്തിൽ പെട്ട വിദേശരാജ്യത്തോട് സഹായത്തിന് കൈനീട്ടുന്നതും സ്വന്തം രാജ്യത്തെ ഭരണകൂടത്തെ കൈവിട്ട് അന്യദേശത്തെ ഭരണകൂടത്തോട് കൂറും സ്നേഹവും പുലർ

ത്തുന്നതും ഇരുരാജ്യങ്ങൾക്കും അസ്വീകാര്യമായിരിക്കും. തുടക്കകാലത്ത് ഇരുകൂട്ടരും താന്താങ്ങളുടെ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനാപരമായ സംരക്ഷണനടപടികൾ തൃപ്തികരമായ രീതിയിൽ നൽകിയാലും ക്രമേണ പ്രയോഗതലത്തിൽ അത് ഇല്ലാതായിത്തീരും. ദൈനംദിന വ്യവഹാരങ്ങളിൽ ന്യൂനപക്ഷ നിർമൂലനത്തിനുള്ള നയനിലപാടുകളായിരിക്കും നടപ്പിൽ വരിക. ഇരുരാജ്യങ്ങളിലെയും ന്യൂനപക്ഷങ്ങളുടെ പേരിൽ രണ്ടു ഭരണകൂടങ്ങൾ തമ്മിൽ പരസ്പരം സമ്മർദം ചെലുത്തുകയും ഇതൊടുവിൽ യുദ്ധത്തിനു തന്നെ വഴിതുറക്കുകയും ചെയ്യാം-അതിന്റെ ഫലമെന്തായിരിക്കുമെന്ന് ഇപ്പോൾ പറയാനാവില്ല. അല്ലെങ്കിൽ ഒരു കൂട്ടർ ഹിന്ദുക്കളോടും അപരർ മുസ്‌ലിംകളോടും തോന്നിയതുപോൽ ചെയ്യട്ടെ എന്ന മട്ടിൽ ഇരുരാജ്യങ്ങളും അന്യോന്യം പാട്ടിനു വിടുകയും ചെയ്യും.

സംരക്ഷണത്തിന്റെ രണ്ടാം വഴിയായി പറയപ്പെടുന്നത് ഐക്യരാഷ്ട്ര സഭയുടെ സഹായം തേടുകയാണ്. ആ സംവിധാനത്തിന്റെ സ്വഭാവം അറിയുന്നവർക്ക് എളുപ്പത്തിൽ ഗ്രഹിക്കാവുന്ന കാര്യമാണ്, അതിന്റെ സംരക്ഷണവും കാത്ത് ഒരു മർദിത ജനതക്ക് എത്രകാലം ജീവിക്കാനാവുമെന്ന്. ഒന്നാമതായി, പ്രകടമായ വൻ അതിക്രമങ്ങൾക്കെതിരായ അന്യായങ്ങളാണ് യു.എൻ സാധാരണഗതിയിൽ സ്വീകരിച്ചുവരുന്നത്. നിത്യസാധാരണമായ കൊച്ചു കൊച്ചു സംഘർഷങ്ങൾ-മൊത്തത്തിലെടുത്താൽ അതൊരു വൻ അതിക്രമമാകാമെങ്കിലും-ഐക്യരാഷ്ട്രസഭയുടെ പരിഗണനക്ക് വരാറില്ല. നമ്മുടെ വീക്ഷണത്തിൽ മുസ്‌ലിംകളുടെ മതപരവും സാമുദായികവുമായ ജീവിതത്തെ ശിഥിലീകരിക്കുന്ന പ്രവണതകൾ പടിഞ്ഞാറൻപരിഗണനകൾ വെച്ചുനോക്കുമ്പോൾ അഹിതകരമായെന്നു വരില്ല. അതിനാൽ അത്തരം വിഷയങ്ങളും ഈ അന്താരാഷ്ട്രവേദിയിൽ ഉന്നയിക്കുക സാധ്യമല്ല. തന്നെയുമല്ല, നിഷ്പക്ഷവും നീതിപൂർവകവുമായി ഇടപെടാനാകുമെന്ന് യു.എൻ ഇതുവരെ തെളിയിച്ചിട്ടുമില്ല. അതിലെ അംഗരാഷ്ട്രങ്ങൾ പ്രശ്നങ്ങളെ വസ്തുനിഷ്ഠമായല്ല സമീപിക്കുന്നത്. ആവലാതി ബോധിപ്പിക്കുന്ന രാജ്യമേത്, അവരും തങ്ങളുമായുള്ള ഉഭയകക്ഷി ബന്ധം എങ്ങനെ, അവരെ പിന്തുണക്കുന്നതോ അതോ കുറ്റപ്പെടുത്തുന്നതോ തങ്ങൾക്ക് ഗുണകരമാവുക എന്നൊക്കെ നോക്കിയാണ് അവർ നിലപാടെടുക്കുന്നത്. ഇതെല്ലാം വെച്ചുനോക്കുമ്പോൾ ഭാവിയിൽ ഐക്യരാഷ്ട്രസഭയിൽ ഇന്ത്യയുടെയും പാകിസ്താന്റെയും സ്ഥാനം എന്തായിരിക്കും, ആരുടെ പ്രശ്നങ്ങൾക്കായിരിക്കും അവിടെ മുന്തിയ പരിഗണന എന്നൊക്കെ ആർക്ക് പറയാൻ കഴിയും?

നിർദേശിക്കപ്പെടുന്ന മൂന്നാംവഴി പലായനവും ജനതയുടെ കൈമാറ്റവുമാണ്. പലായനമെന്നാൽ മുസ്‌ലിംകൾ ഇന്ത്യ ഉപേക്ഷിച്ച് പാകിസ്താനിൽ പോയി വാസമുറപ്പിക്കുക. ഇരുരാജ്യങ്ങളിലെയും ഭരണകൂടങ്ങൾ ഒരു കരാറിന്റെ അടിസ്ഥാനത്തിൽ അതത് സമുദായങ്ങളുടെ അവരുടെ പ്രദേശങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കുകയാണ് പൗരന്മാരുടെ കൈമാറ്റം. ഇതിൽ ആദ്യരൂപം പ്രായോഗികമാണെന്നു തോന്നാം. എന്നാൽ അതുകൊണ്ട് ഇന്ത്യൻമുസ്‌ലിംകളുടെ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. കാരണം, നേരത്തിന് ഉണ്ണുകയും കുടിക്കുകയും ചെയ്യുന്നവർക്കോ, കടുത്ത പരീക്ഷണങ്ങളിൽ ചകിതരായവർക്കോ, എന്തും വരട്ടെയെന്നു കരുതി ഇറങ്ങിത്തിരിക്കുന്നവർക്കോ മാത്രമേ ദേശത്യാഗത്തിന് സാധിക്കുകയുള്ളൂ. മുസ്‌ലിം ബഹുജനങ്ങൾക്ക് അവർ ഇപ്പോൾ വസിക്കുന്ന സ്ഥലങ്ങളിൽ തന്നെ തുടരാനേ കഴിയൂ. ബീഹാറിലും മറ്റും സംഭവിച്ചതുപോലെ വല്ല അത്യാപത്തും വന്നുപെടാത്ത അവസ്ഥയിൽ അവർക്ക് ഒന്നായി സ്വദേശം വിട്ടുപോകുക സാധ്യമല്ല. ഇനി ജനങ്ങളെ കൈമാറ്റം ചെയ്യു

ക എന്ന നിർദേശം. ഇന്ത്യയിലെയും പാകിസ്താനിലെയും ഭരണകൂടങ്ങൾ ആത്മാർഥമായി ആഗ്രഹിച്ചാൽ പോലും, നാലര കോടി മുസ്‌ലിംകളെയും മൂന്നര കോടി ഹിന്ദുക്കളെയും അന്യോന്യം മാറ്റിത്താമസിപ്പിക്കാൻ അടുത്ത അമ്പതുവർഷം കൊണ്ട് സാധ്യമാകുമെന്ന് എനിക്കു തോന്നുന്നില്ല. ആ മോഹവും വെച്ച് ജീവിക്കുന്നവർ അങ്ങനെ കഴിഞ്ഞുകൊള്ളട്ടെ.

പറയപ്പെടുന്ന പോംവഴികളുടെ കഥയിതാണ്. ഈദൃശ മോഹങ്ങളുമായാണ് ബ്രിട്ടീഷ് ഭരണകാലത്തുതന്നെ ദേശീയവാദത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയപ്രവർത്തനം നടന്നുവന്നത്. ഇന്ത്യയുടെ ദേശീയസർക്കാർ നിലവിൽവന്ന ശേഷം നടന്നുകൊണ്ടിരിക്കുന്നതും അതേ. അജ്ഞതയും ഹ്രസ്വദൃഷ്ടിയും മൂലം മുസ്‌ലിംകൾക്ക് ഇപ്പോൾ ഇത് മനസ്സിലാക്കാനാവുന്നില്ല. എന്നാൽ ഈ വസ്തുതകൾ അവരുടെ ബോധമണ്ഡലങ്ങളിലേക്ക് താനേ ഇറങ്ങിവരുന്ന നാൾ വരാനിരിക്കുന്നു. അന്ന് അവരുടെ മുന്നിൽ മൂന്നു മാർഗങ്ങളേ അവശേഷിക്കുകയുള്ളൂ.

ഒന്ന്, ദേശീയ മുസ്‌ലിംകളുടെ നയം സ്വീകരിച്ച് ഹിന്ദുദേശീയതയിൽ അലിഞ്ഞുചേരുക.

രണ്ട്, നാമാവശേഷമാകുന്നത് വരെ നിലവിലുള്ള മുസ്‌ലിം ദേശീയതയിൽ അണിചേരുക.

മൂന്ന്, ദേശീയതയെയും അതിന്റെ വിഭിന്നരീതികളെയും വാദഗതികളെയും കൈയൊഴിച്ച് ഇസ്‌ലാമിന്റെ മാർഗദർശനം സ്വീകരിക്കുക. അതിന്റെ താൽപര്യം ഇതാണ്: മുസ്‌ലിംകൾ സ്വന്തം സാമുദായികതാൽപര്യങ്ങൾക്കു വേണ്ടിയല്ല, ഇസ്‌ലാമിന്റെ അടിസ്ഥാനപ്രബോധനത്തിനുവേണ്ടിയാവണം യത്നിക്കേണ്ടത്. സമുദായമെന്ന നിലയിൽ സ്വഭാവത്തിലും പ്രവർത്തനരീതികളിലും സാമൂഹികജീവിതത്തിലും അവർ ഇസ്‌ലാമിന്റെ പ്രയോഗസാക്ഷികളായിത്തീരണം. അതുവഴി, സ്വാർഥത്തിനുവേണ്ടിയല്ല, ലോകത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ് മുസ്‌ലിംകളെന്നും അവരുടെ നിലപാടുകളുടെ അടിത്തറയായ ആശയങ്ങൾ മനുഷ്യജീവിതത്തിന്റെ വ്യക്തി, സമൂഹതലങ്ങളിൽ ഏറെ പ്രസക്തവും അനുയോജ്യവുമാണെന്നും ലോകത്തിന് മനസ്സിലാക്കാൻ സാധിക്കണം.

ഈ അവസാനമാർഗം തന്നെയായിരുന്നു ആദ്യകാലം തൊട്ടേ മുസ്‌ലിംകളുടെ രക്ഷാമാർഗം. ഇപ്പോഴും അവർക്കതിൽ രക്ഷയുണ്ട്. ഏറെ വർഷങ്ങളായി ഈ വിഷയത്തിലേക്ക് ഞാൻ അവരുടെ ശ്രദ്ധക്ഷണിച്ചു വരുന്നു. ദേശീയവാദ രാഷ്ട്രീയത്തിനുപകരം അവർ ഈ മാർഗം സ്വീകരിച്ചിരുന്നെങ്കിൽ, കഴിഞ്ഞ പത്തു വർഷം മുഴുവൻ സമുദായശക്തിയും അതിനുവേണ്ടി ചെയ്ത അത്യധ്വാനവും ഈ മാർഗത്തിലായിരുന്നെങ്കിൽ ഇന്ന് ഇന്ത്യയുടെ രാഷ്ട്രീയചിത്രം മറ്റൊന്നായേനെ. കൊച്ചു കൊച്ചു പാകിസ്താനുകൾക്കുപകരം ഈ രാജ്യംതന്നെ മുഴുവൻ ഇന്ത്യയും വലിയൊരു പാകിസ്താനായി മാറുന്നതിനുള്ള സാധ്യതകൾ തെളിഞ്ഞുവന്നേനെ. എന്നാൽ അന്ന് അവർ എന്റെ ആഹ്വാനത്തെ ശത്രുവിന്റെ ശബ്ദമായി, ഒരു ഭ്രാന്തന്റെ ജൽപനമായി ഗണിച്ചു. ഇന്ന് പുതിയ സംഭവവികാസങ്ങൾ അവരെ ചുറ്റുപാടുനിന്നും വലയം ചെയ്തിരിക്കുന്നു. ഇന്ന് ഇസ്‌ലാമിന്റെ യഥാർഥമാർഗം അവലംബിക്കുകയല്ലാതെ മറ്റൊരു വഴി അവരുടെ ജീവിതത്തിനുമുന്നിൽ ഇല്ല എന്നു വന്നിരിക്കുന്നു. മറ്റുവഴികളെല്ലാം അവർക്ക് ആത്മഹത്യക്കോ മരണശിക്ഷക്കോ സ്വാഭാവികചരമത്തിനോ ഉള്ള വഴികളാണെന്നു തെളിഞ്ഞിരിക്കുന്നു.

ഞാൻ മുന്നറിയിപ്പു നൽകിക്കൊണ്ടിരുന്ന ആ സന്ദർഭമിതാ ആസന്നമായിരി

ക്കുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ വർത്തമാനത്തിലെ ഒരു ഘട്ടം കഴിഞ്ഞ് പുതിയ ഘട്ടം തുടങ്ങുകയായി. അതോടെ ന്യൂനപക്ഷപ്രദേശങ്ങളിലെ മുസ്‌ലിംകൾക്ക് തങ്ങളുടെ നിരാശാജനകമായ സ്ഥിതി ബോധ്യപ്പെടാനിരിക്കുകയാണ്. ഇതൊരു വലിയ പ്രസ്ഥാനത്തിന്റെ പതനസമയമാണ്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ തകർച്ചയേക്കാൾ പതിന്മടങ്ങ് ഭയാനകമായിരിക്കും അത്. ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ തകർച്ച മുസ്‌ലിംകളിൽ മരവിപ്പും ശൈഥില്യവുമുണ്ടാക്കി. അത് ഏറെ നഷ്ടങ്ങൾ വരുത്തിയെങ്കിലും മുസ്‌ലിംകളെ പൂർണമായി നശിപ്പിച്ചുകളഞ്ഞില്ല. എന്നാൽ ഇനിയും തൽസ്ഥിതി ആവർത്തിക്കുകയാണെങ്കിൽ അത് വിനാശകരം തന്നെയായിരിക്കും. തങ്ങളുടെ നേതൃത്വത്തിൽ നിരാശരായ അവർക്ക് ശരിയായ മാർഗദർശനമോ പ്രതീക്ഷയുടെ ഒരു തിരിവെട്ടമോ ലഭിച്ചില്ലെങ്കിൽ ഭീതിയും അരാജകത്വവും അവരെ പിടികൂടും. ചിലർ വല്ല 'ദേശീയ'മുസ്‌ലിം നേതാവിനെയും തിരക്കിയോടും. ചിലർ കമ്യൂണിസ്റ്റ് പാളയത്തിൽ ചേക്കേറും. ചിലർ സ്വദേശത്യാഗത്തിന് കച്ച മുറുക്കും. കുറെപേർ നിരാശയോടെ കൈയും കാലും കെട്ടിപ്പൂട്ടിയിരിക്കും. മറ്റു ചിലർ മനോവിഭ്രാന്തിയിലകപ്പെടും. ഇനിയും ചിലർ മണ്ടന്മാരായി പരാജയമടഞ്ഞ സാമുദായികയുദ്ധം വീണ്ടും ഊതിക്കത്തിക്കാൻ ശ്രമിക്കും. അങ്ങനെ തങ്ങളെ മാത്രമല്ല, നിരപരാധികളായ ലക്ഷക്കണക്കിന് സഹോദരന്മാരെക്കൂടി അവർ വിനാശത്തിലേക്ക് വലിച്ചിഴക്കും. ആ വിപത്സന്ധിയിൽ വിവേകമുള്ള മുസ്‌ലിംകൾക്ക് ശരിയായ ദിശാബോധം നൽകാൻ സുസജ്ജമായ ഒരു സംഘം തയാറാകേണ്ടിയിരിക്കുന്നു. നിഷ്ഫലമാർഗങ്ങളിൽ പാഴായിപ്പോകുന്ന അവരുടെ ശിഥിലമായ ശക്തിയെ വീണ്ടെടുത്ത് ശരിയായൊരു ലക്ഷ്യത്തിനുവേണ്ടി വിനിയോഗിക്കാൻ സാധിക്കണം. നിരാശക്കുപിറകെ യഥാർഥവിജയത്തിന്റെ സദ്‌വാർത്ത അവരെ അറിയിക്കാൻ കഴിയണം. ഈ സേവനം നിർവഹിക്കാനുള്ള സൗഭാഗ്യം നിങ്ങളുടെ ഈ സംഘത്തിനും സിദ്ധിക്കട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു. അതിനു പ്രാപ്തമായ സംഘടിതവും സുസജ്ജവുമായ ശക്തി പ്രതിസന്ധി വന്നു മൂടും മുമ്പായി നിങ്ങൾക്ക് ലഭ്യമായിത്തീരട്ടെ. ■

(തുടരും)